# രോഗവിമുക്തഭാരതമാവണം ലക്ഷ്യം: കലാം



അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്നും എംബിബിഎസ് നേടിയ ആദ്യ ബാച്ചിനൊപ്പം മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം — ജന്മഭൂമി

സ്വന്തം ലേഖകൻ

കൊച്ചി: രോഗവിമുക്ത ഇന്ത്യയ്ക്കായി മുന്നിട്ടിറങ്ങണമെന്ന് മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ.അബ്ദുൾകലാം യുവ ഡോക്ടർമാരെ ആഹ്വാനം ചെയ്തു. ആരോഗ്യമേഖലയിലെ ഇതരവിഭാഗങ്ങളുമായി ചേർന്ന് രോഗമുക്തിക്കായുള്ള ഗവേഷണങ്ങൾ, സേവനങ്ങൾ, പഠനങ്ങൾ എന്നിവയ്ക്ക് യുവഡോക്ടർമാർ മുന്നിട്ടിറങ്ങണം. മാനുഷിക മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ആതുരശുശ്രൂഷരംഗം വളർന്നുവരണം, അദ്ദേഹം പറഞ്ഞു. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽനിന്നും എംബിബിഎസ് നേടിയ ആദ്യ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അബ്ദുൾ കലാം.

എച്ച്ഐവി അനുബന്ധ രോഗങ്ങളും ക്ഷയരോഗവുമാണ് ഇന്ത്യ നേരിടുന്ന വരുംകാല വെല്ലുവിളി. ആരോഗ്യമേഖലയിൽ രോഗനിവാരണ ഗവേഷണത്തിൽ നാം ഇനിയും മുന്നേറണം. ഇതിന് യുവഡോക്ടർമാർ ഗവേഷണപഠന മേഖലകളിൽ കൂടുതൽ കടന്നുവരണം, അദ്ദേഹം പറഞ്ഞു.

പരിശോധനയുടെ പേരിൽ രോഗികളെ പീഡിപ്പിക്കുന്നത് ഒഴിവാക്കാനും ഗ്രാമീണ-ദരിദ്ര ജനവിഭാഗങ്ങളിൽ സേവനത്തിനും മാനുഷിക മൂല്യങ്ങളിലൂടെ കർമ്മരംഗത്ത് പ്രവർത്തിക്കുവാനും യുവഡോക്ടർമാർ മുന്നോട്ടുവരണം. രോഗികൾക്കും കുടുംബാംഗങ്ങൾക്കും പരിചരണത്തിനെത്തുന്നവർക്കും സുഹൃത്തുക്കൾക്കും ഡോക്ടർ ഒരു അധ്യാപകനായി മാറണം. ഇത് നാടിനെ രോഗവിമുക്തമാക്കുവാൻ സഹായിക്കും, ബിരുദങ്ങൾ നേടുന്നതോടൊപ്പം മൂല്യങ്ങളിലും മാനുഷികതയിലും അടിസ്ഥാനമാക്കിയ സേവനബിരുദം നേടുകയെന്നതാണ് പ്രധാനം, കലാം പറഞ്ഞു. ചടങ്ങിൽ അമൃതവിശ്വവിദ്യാപീഠത്തിലെ സ്കൂളുകളിൽ പ്രാരംഭം കുറിക്കുന്ന ഇ-ലേണിങ് നെറ്റ്‌വർക്ക് മുൻ രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. അമൃത വിശ്വവിദ്യാപീഠം പ്രസിഡന്റ് സ്വാമി അമൃതസ്വരൂപാനന്ദപുരി, സ്വാമി അഭയാമൃതചൈതന്യ, സ്കൂൾ ഓഫ് മെഡിസിൻ, ഡെന്റൽ, ഫാർമസിയിലെ ഡോ. വെങ്കട് രംഗൻ, പ്രിൻസിപ്പാൾ ഡോ. പ്രതാപൻ നായർ, മെഡിക്കൽ ഡയറക്ടർ ഡോ. പ്രേംനായർ തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ എംബിബിഎസ് ബിരുദത്തിൽ ഉന്നതവിജയം നേടിയവരടക്കം 98-ഓളം വിദ്യാർത്ഥികൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.